മാതൃഭൂമി
യഥാർത്ഥ പത്രത്തിന്റെ ശക്തി
Mathrubhumi

# വന്യജീവി വാരാഘോഷം

**കോയമ്പത്തൂർ ▸** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫോറസ്റ്റ് ജനിറ്റിക്സ് ആൻഡ് ട്രീ ബ്രീഡിങ്ങിലെ എൻവിസ് കേന്ദ്രത്തിൽ വന്യജീവി വാരാഘോഷം സംഘടിപ്പിച്ചു. ഓൺലൈനായി നടത്തിയ പരിപാടി ഐ.എഫ്.ജി.ടി.ബി. ഡയറക്ടർ ഡോ. സി. കുഞ്ഞിക്കണ്ണൻ ഉദ്ഘാടനംചെയ്തു. പരിസ്ഥിതിയുടെ സന്തുലനാവസ്ഥ പാലിക്കുന്നതിലാണ് വന്യജീവികളുടെ അതുല്യമായ സംഭാവനയെന്ന് അദ്ദേഹം പറഞ്ഞു.വനജനിതക ശാസ്ത്രജ്ഞനും എൻവിസ് കോ-ഓർഡിനേറ്ററുമായ ഡോ. കണ്ണൻവാര്യർ ആമുഖപ്രഭാഷണം നടത്തി. 'വന്യജീവി സംരക്ഷണത്തിൻെറ ആവശ്യകത' എന്ന വിഷയത്തിൽ ഓൺലൈനായി വിദ്യാർഥികൾക്കും പൊതുജനങ്ങൾക്കുമായി നടത്തിയ പ്രസംഗമത്സരത്തിലെ വിജയികളെ ചീഫ് സയൻറിസ്റ്റ് ഡോ. ജോൺ പ്രശാന്ത് ജേക്കബ് പ്രഖ്യാപിച്ചു. ഡോ. എസ്. വിഘ്നേശ്വരൻ സംസാരിച്ചു.

302. News in Mathrubhumi, 08.10.2021, Palakkad, Digital Observance Wildlife Week by IFGTB ENVIS.